കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം നഗരകാര്യ വകുപ്പ് എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.സന്ധ്യ.വി.എസ്-ന്റെ മാതാവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1882/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 08/06/2016.

---

പരാമർശം :
1. ശ്രീമതി.സന്ധ്യ.വി.എസ് ന്റെ 22/05/2015 ലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 01/10/2015,05/05/2016 തീയതികളിലെ എഫ് 3-8325/15 നമ്പർ കത്തുകൾ.

ഉത്തരവ്

നഗരകാര്യ വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ്, ശ്രീമതി.സന്ധ്യ.വി.എസ് ന്റെ മാതാവിന്റെ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ 137245/- രൂപ റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് മേൽ 2-ാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പ് എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.സന്ധ്യ.വി.എസ്-ന്റെ മാതാവിന്റെ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ(137245/-)രൂപ(ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുനൂറ്റി നാല്പത്തിയഞ്ചു രൂപ മാത്രം) മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് നഗരസഭാ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ശ്രീമതി.സന്ധ്യ.വി.എസ്,എൽ.ഡി.ടൈപ്പിസ്റ്റ്,നഗരകാര്യ വകുപ്പ്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.